**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 481** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ 20.06.2023-ലെ 2378371/ എൻ.സി.ബി3/48/2023 നമ്പർ കത്ത് പ്രകാരം ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് നിർവഹിക്കപ്പെട്ടിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ തടസ്സം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | ആസ്തിവികസനപദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള റോഡുകളുടെ നിർമ്മാണം അനുവദനീയമാണ്. എന്നാൽ, റോഡ് കോൺക്രീറ്റിംഗ്, റീ-ടാറിംഗ്, ഇന്റർലോക്കിംഗ് റ്റൈൽ പാകൽ എന്നിവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്നില്ല. ആയത് ധനകാര്യ വകുപ്പിന്റെ 20.06.2023-ലെ 2378371/എൻ.സി.ബി3/48/2023 നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ തടസ്സം നേരിടുന്നത് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് 07.07.2023-ന് നൽകിയ കത്ത് ധനവകുപ്പിൽ പരിശോധനയിലാണ്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിന്റെ മേൽ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നത് നിഷേധിച്ചതിനെത്തുടർന്ന് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രിക്ക് 07.07.2023-ന് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | ആസ്തിവികസനപദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള റോഡുകളുടെ നിർമ്മാണം അനുവദനീയമാണ്. എന്നാൽ, റോഡ് കോൺക്രീറ്റിംഗ്, റീ-ടാറിംഗ്, ഇന്റർലോക്കിംഗ് റ്റൈൽ പാകൽ എന്നിവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്നില്ല. ആയത് ധനകാര്യ വകുപ്പിന്റെ 20.06.2023-ലെ 2378371/എൻ.സി.ബി3/48/2023 നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ തടസ്സം നേരിടുന്നത് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ധനകാര്യ വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രിയ്ക്ക് 07.07.2023-ന് നൽകിയ കത്ത് ധനവകുപ്പിൽ പരിശോധനയിലാണ്. |
| (സി) | റോഡുകളുടെ ശോചനീയാവസ്ഥയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ആവശ്യമായ തുകയും കണ്ടെത്താനാവാത്ത സാഹചര്യം കണക്കിലെടുത്ത് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് ആസ്തിവികസന പദ്ധതിയുടെ ലക്ഷ്യം. സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഗ്യാപ് ഫണ്ടായി ആസ്തിവികസന ഫണ്ട് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും റോഡ് പുനർനിർമ്മാണം, ഒഴിവാക്കാനാകാത്ത ഇന്റർലോക്കിംഗ് റ്റൈൽ പാകൽ എന്നിങ്ങനെയുള്ള പ്രവൃത്തികൾ വ്യക്തമായ വ്യവസ്ഥകളോടെ ആസ്തിവികസന ഫണ്ടിൽ അനുവദിക്കാൻ മാർഗനിർദേശങ്ങൾ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ